ഉത്തരം

(എ&ബി) അനെർട്ട് ആവിഷ്കരിച്ച് നടപ്പാക്കുന്ന പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിയിൻ കീഴിൽ ഇപ്പോൾ 22 കമ്പനികളെയാണ് അനെർട്ട് ചുമതലപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര മന്ത്രാലയം (MNRE) അംഗീകരിച്ച കമ്പനികളിൽ നിന്നും ടെണ്ടർ നടപടി വഴിയാണ് അനെർട്ട് ഈ കമ്പനികളെ എംപാനൽ ചെയ്തിരിക്കുന്നത്. പ്രസ്തുത ലിസ്റ്റ് എം.എൻ.ആർ. ഇ. ചാനൽ പാർട്ട്ണേഴ്സ് ലിസ്റ്റ് പുതുക്കുന്നതിന് അനുസരിച്ച് പുതുക്കപ്പെടുന്നതാണ്.

(സി&ഡി) ഉണ്ട്. സർക്കാർ/സർക്കാർ അംഗീകൃത ഏജൻസിയുടെ അംഗീകാരമില്ലാതെ സോളാർ പാനൽ സ്ഥാപിച്ച നൽകുന്ന സ്വകാര്യ സ്ഥാപനങ്ങൾ എന്തെങ്കിലും ക്രമക്കേടുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

വൈദ്യുത ലൈനുകൾ പരസ്യത്തിന് ഉപയോഗിക്കുന്നത് തടയുന്നതിന് നടപടി

21 (4012) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ വൈദ്യുത ലൈനുകളിൽ മറ്റ് കേബിളുകൾ വലിയ്ക്കുന്നതിന് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് അനുവാദം നൽകിയിട്ടുള്ളത്;

(ബി) ഇതിനുള്ള മാനദണ്ഡം എന്താണ്; എത്ര തുകയാണ് ഇതിനായി കെ.എസ്.ഇ.ബി ഈടാക്കുന്നത്;

(സി) കെ.എസ്.ഇ.ബി.-യുടെ വൈദ്യുത ലൈനുകളിൽ ആലേഖനം ചെയ്തിട്ടുള്ള തിരിച്ചറിയൽ നമ്പരുകൾ പോലും മറച്ചുകൊണ്ട് പെയിന്റ് ഉപയോഗിച്ച് ചില സംഘടനകളുടെ പരസ്യ പ്രചരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ഇ.ബി.-യുടെ സ്വന്തം വകയായ ഇത്തരം ലൈനുകളിൽ പെയിന്റ് ചെയ്ത് പ്രചരണം നടത്തുന്നവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) ലൈനുകളിലെ മറ്റ് പ്രചാരണങ്ങൾ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ)നിലവിൽ ടി.വി. കേബിളിന് പുറമേ തിരുവനന്തപുരം (അർബൻ), എറണാകുളം മേഖലകളിൽ റിലയൻസ് ജിയോ ഇൻഫോകോമിനും വൈദ്യുത പോസ്റ്റുകളിൽ കൂടി ഓപ്റ്റിക്കൽ ഫൈബർ വലിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 18-10-2002-ലെ B.O. (FB) 1421/2002 (CP/R&P)Plg.V/Cable TV/2002 എന്ന ബോർഡ് ഉത്തരവ് പ്രകാരം ടി.വി. കേബിളുകൾ വലിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. കേബിൾ ടി.വിക്കാർക്കുള്ള വൈദ്യുത പോസ്റ്റ് വാടക 19-9-2014 -ലെ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ പോൾ റെന്റ് 1-4-2011 മുതൽ 31-3-2012 വരെ അർബൻ മേഖലയിൽ പോൾ ഒന്നിന് 250 രൂപയും റൂറൽ മേഖലയിൽ 125 രൂപയും തുടർന്നുള്ള ഓരോ സാമ്പത്തിക വർഷവും 5%വർദ്ധനവു വീതവും നിശ്ചയിച്ചിട്ടുണ്ട്. റിലയൻസിനുള്ള വൈദ്യുത പോസ്റ്റ് വാടക നിശ്ചയിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അറിവോ സമ്മതമോ ഇല്ലാതെ പ്രതിഷ്ഠാപനങ്ങളിൽ കടന്നു കയറുന്നതും പെയിന്റുകൾ ഉപയോഗിച്ച് പോസ്റ്റ് നമ്പരുകൾ മറയ്ക്കുന്നതും കുറ്റകരമാകയാൽ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവരെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുകയും നിയമ നടപടികൾ കൈക്കൊള്ളുകയും ചെയ്തു വരുന്നു.

(ഇ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഉദ്യോഗസ്ഥരുടെ ഒരു ഉന്നതതല കമ്മിറ്റി പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനുള്ള കർമ്മപദ്ധതിക്ക് രൂപം നൽകുകയും അത് ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് 28-5-2014-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

വൻകിട വൈദ്യുതി ചാർജ്ജ് കടിശ്ശികക്കാരുടെ വിവരങ്ങൾ

22 (4013) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യ്ക്ക് ലഭിക്കുവാനുള്ള വൻകിട വൈദ്യുതി ചാർജ്ജ് കുടിശ്ശികക്കാരുടെ വിശദവിവരങ്ങളും അവർ അടയ്ക്കുവാനുള്ള തുകയുടെ വിശദവിവരങ്ങളും നൽകുമോ;

(ബി) പ്രസ്തുത തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത നടപടികളിലൂടെ ഈ സർക്കാർ വന്നശേഷം പിരിച്ചെടുത്ത തുകയുടെ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly